# COLLEGE OF ENGINEERING PERUMON

(Under the Co-operative Academy of Professional Education, Estd. by Govt. of Kerala)


P-129(b)/CEP/2018 Dated: 14 .01.2019

## ക്വട്ടേഷൻ/ലേലപരസ്യം

സഹകരണ അക്കാഡമിയുടെ കീഴിലുള്ള പനയം വില്ലേജിലെ പെരുമൺ എഞ്ചിനീയറിംഗ് കോളേജ് കോമ്പൗണ്ടിനകം നിൽക്കുന്നതും മുറിച്ചു മാറ്റേണ്ടതുമായ പാഴ്‌വൃക്ഷങ്ങൾ വിൽക്കുന്നതിനുള്ള ലേലം/ ക്വട്ടേഷൻ 31.01.2019 തീയതി വ്യാഴാഴ്ച്ച പകൽ 2 മണിക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൊടുക്കുന്നതാണ്.

നിബന്ധനകൾ

1. ക്വട്ടേഷൻ സീൽ ചെയ്ത കവറിൽ 'പെരുമൺ കോളേജ് വളപ്പിലെ പാഴ്‌വൃക്ഷങ്ങൾ എടുക്കുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ പ്രിൻസിപ്പാൾ, പെരുമൺ എഞ്ചിനീയറിംഗ് കോളേജ്, പെരുമൺ പി ഒ എന്ന വിലാസത്തിൽ ലേലദിവസമായ 31.01.2019 2 മണിക്ക് മുമ്പായി കിട്ടിയിരിക്കണം. ലേല സ്ഥലത്തും ക്വട്ടേഷൻ 2 മണി വരെ സ്വീകരിക്കുന്നതാണ്.
2. മുകളിൽ പറഞ്ഞ പ്രകാരം ക്വട്ടേഷൻ സമർപ്പിക്കുന്നവരും ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന മറ്റുള്ളവരും ലേല സ്ഥലത്ത് അന്നേദിവസം പകൽ 2 മണിക്ക് നേരിട്ട് ഹാജരായി നിരതദ്രവ്യമായി 420 രൂപ നൽകി ലേലത്തിൽ പങ്കെടുക്കുവാൻ പേര് ഉൾപ്പെടുത്തി വാങ്ങേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കാത്തവരുടെ ക്വട്ടേഷൻ സ്വീകരിക്കുകയോ, അവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയോ ചെയ്യുന്നതല്ല. ലേലം ഉറപ്പിച്ചു കിട്ടുന്ന ആളിന്റെ ഒഴികെ മറ്റുള്ളവരുടെ നിരതദ്രവ്യം മടക്കികൊടുക്കുന്നതാണ്.
3. യുക്തമായ ഒരു തുക മുതൽ ലേലം തുടങ്ങും. ലേലത്തിനു ശേഷം ക്വട്ടേഷൻ തുറക്കും. രണ്ടുവിധത്തിലും കൂടി ഉയർന്ന തുകയ്ക്കു ലേലം ഉറപ്പിക്കും. എന്നാൽ തുക അപര്യാപ്തമെന്നു കണ്ടാലോ മറ്റു കാരണങ്ങളാലോ ഈ

നടപടികൾ എല്ലാം അവസാനിപ്പിക്കുന്നതിന് പ്രിൻസിപ്പാളിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

4. ലേലംതാത്കാലികമായി ഉറപ്പിച്ചുകിട്ടുന്ന ആൾ അപ്പോൾ തന്നെ ലേലത്തുകയുടെ 1/3 അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കിത്തുക ലേലം സ്ഥിരപ്പെടുത്തിയ അറിയിപ്പ് കിട്ടി 7 ദിവസത്തിനകം അടക്കേണ്ടതും കരാറിൽ ഏർപ്പെടേണ്ടതുമാണ്. അല്ലാത്ത പക്ഷം ഈ നടപടികൾ സ്വയം റദ്ദാക്കുന്നതാണ്. ടി ആൾ അടച്ച തുക (നിരതദ്രവ്യവും 1/3 ലേലത്തുകയും) തിരിച്ചു നൽകുന്നതല്ല.
5. മതിയായ കാരണങ്ങൾ ഉണ്ടെന്നും, വ്യവസ്ഥകൾ ലംഘിക്കപ്പെട്ടെന്നും ബോധ്യമായാൽ കരാർ ഇടയക്ക്വച്ച് അവസാനിപ്പിക്കാൻ പ്രിൻസിപ്പാളിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക. ഫോൺ: 0474 2550400, 2550500. www.perumonec.ac.in.

COLLEGE OF ENGINEERING PERUMON
PERINAD-691601
KOLLAM DISTRICT

പ്രിൻസിപ്പാൾ

നോട്ടീസ് ബോർഡ്
സെക്യൂരിറ്റി റൂം
സെക്രട്ടറി, പനയം പഞ്ചായത്ത്
വില്ലേജ് ഓഫീസർ, പനയം വില്ലേജ്
പൊതുസ്ഥലങ്ങളിൽ പതിക്കുന്നതിന്

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | മാവ് | 2 |
| 2 | കശുമാവ് | 3 |
| 3 | വട്ട | 10 |
| 4 | അക്കേഷ്യ | 19 |
| 5 | അക്കേഷ്യ IIB | 4 |

പ്രിൻസിപ്പാൾ

COLLEGE OF ENGINEERING PERUMON
PERINAD-691601
* KOLLAM DISTRICT *